GOVERNMENT OF KERALA
DEPARTMENT OF TECHNICAL EDUCATION
GOVERNMENT ENGINEERING COLLEGE,THRISSUR

Ph. No: 0487-2334144

e-mail: principal@gectcr.ac.in
Web site: gectcr.ac.in

---

*No. C5/Fees/2023*

*Date: 25/01/2023*

# നോട്ടീസ്

വിഷയം: ഗവ: എൻജിനിയറിങ് കോളേജ്, തൃശ്ശൂർ - **2022-23 അദ്ധ്യായന വർഷത്തിലെ ഒന്നാം സെമസ്റ്റർ എം.ടെക്** വിദ്യാർത്ഥികളുടെ ഫീസ് ഡിജിറ്റൽ പോർട്ടൽ വഴി ഓൺലൈൻ ആയി അടക്കുന്നത് സംബന്ധിച്ച്:-

2022-23 അദ്ധ്യായന വർഷത്തിലെ ഒന്നാം സെമസ്റ്റർ എം.ടെക് വിദ്യാർത്ഥികളുടെ ഫീസ് ഡിജിറ്റൽ പോർട്ടൽ വഴി ഓൺലൈൻ ആയി അടക്കുന്നതിന് പോർട്ടലിൽ ഒരു താൽകാലിക ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനായി താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

1. വിദ്യാർത്ഥി ഡിജി പേ പോർട്ടലിൽ (***http://digipay.dtekerala.gov.in/***) **- Online Payments- Registered Student Payment- Student Registration** വഴി റജിസ്റ്റർ ചെയ്യുക. വിദ്യാർത്ഥി തിരിച്ചറിയുവാനായി നൽകുന്ന വിവരങ്ങൾ ഓഫീസിൽ നിന്നു നല്കിയിരിക്കുന്നതുമായി തുല്യമാണെങ്കിൽ യൂസർ നെയിമും പാസ്സ്‌വേർഡും ലഭിക്കുന്നതാണ്.
2. റജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് അവർ അടക്കേണ്ടതായ ഫീസിന്റെ വിവരം ഓഫീസിൽ നിന്നും ഡിജിറ്റൽ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതാണ്. അതിനു ശേഷം വിദ്യാർത്ഥികൾക്ക് ഓൺലൈൻ ആയി (3) പ്രകാരം ഫീസ് അടക്കാവുന്നതാണ്
3. വിദ്യാർത്ഥി ഡിജി പേ പോർട്ടലിൽ തനിക്കു നൽകിയിരിക്കുന്ന യൂസർ നെയിമും പാസ്സ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അക്കൗണ്ടിൽ സ്ഥാപനത്തിൽ നിന്നും ആവശ്യപ്പെട്ടിരുന്ന ഫീസ്, നെറ്റ് ബാങ്കിങ് / കാർഡ് പേയ്മെന്റ് / യൂ. പി. ഐ. / ക്യു. ആർ. കോഡ് പേയ്മെന്റ് ഉപയോഗിച്ച് ഓൺലൈൻ പേയ്മെന്റ് നടത്താവുന്നതാണ്. ഓൺലൈൻ പേയ്മെന്റ് വിജയകരമായി പൂർത്തിയായാൽ ഫീ രസീത് (pdf.) ഡൌൺലോഡ് / പ്രിൻറ് ചെയ്യാനുള്ള ഓപ്ഷൻ ലഭിക്കുന്നതാണ്.
4. വിദ്യാർത്ഥിക്ക് പരാതി ഡിജി പേ അക്കൗണ്ട് വഴി നൽകുവാനുള്ള സംവിധാനം ക്രമീകരിച്ചിട്ടുണ്ട്.
5. നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടയ്ക്കുന്നതിൽ പരാജയപ്പെടുന്ന വിദ്യാർത്ഥിയെ കൂടുതൽ അറിയിപ്പില്ലാതെ റോളുകളിൽ നിന്ന് നീക്കം ചെയ്യും.

**റജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി: 31.01.2023**

ഫീസ് അടക്കേണ്ട അവസാന തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.

GOVT. ENGINEERING COLLEGE THRISSUR Date.........

പ്രിൻസിപ്പാൾ

PRINCIPAL
GOVT. ENGG. COLLEGE
THRISSUR